# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2493 — 17/8/2017 -ലെ മറുപടി

## ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലവിതരണ പദ്ധതികളിലെയും പൈപ്പ് ലൈനുകളിലെയും അറ്റകുറ്റപണിയും പരിപാലനവും കാര്യക്ഷമമാക്കുന്നതിനായി ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിനായി അധിക തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ; | (ബി) തിരുവനന്തപുരം, കൊല്ലം, കണ്ണൂർ കോർപ്പറേഷനുകളിൽ പ്രവർത്തിച്ചുവരുന്ന ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനം കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിൽ കൂടി ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.<br>ഇതിനായി അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല. |
| (സി) സംസ്ഥാനത്ത് പലയിടത്തും പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്ന സ്ഥിതി വിശേഷം ഒഴിവാക്കുവാൻ ബ്ലൂബ്രിഗേഡിന്റെ പ്രവർത്തനം കൊണ്ട് സാധിക്കുമെന്ന് കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) നിശ്ചിത സമയ പരിധിക്കുള്ളിൽ ചോർച്ചകൾ പരിഹരിക്കാനാണ് ബ്ലൂ ബ്രിഗേഡിന്റെ പ്രവർത്തനം വഴി ലക്ഷ്യമിടുന്നത്. ചോർച്ചകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനാൽ പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ

JSK/